ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 21.03.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ രാജ്യത്ത് ഊർജ്ജിതം. ഒന്നാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ സ്വീകരിച്ചു തുടങ്ങി.

   Campaigns for LS elections intensified across the country. Nomination process for the first phase has begun.

2. കേരളത്തിൽ മണ്ഡല പര്യടനം സജീവമാക്കി സ്ഥാനാർത്ഥികൾ, സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഈ മാസം 25 വരെ അവസരം.

   Candidates in Kerala are active with constituency visit. Names can be added in voter's list till March 25th across the state.

3. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് 4 സംസ്ഥാനങ്ങളിലെ ജില്ലാ മജിസ്ട്രേട്ടുമാരെയും പോലീസ് സൂപ്രണ്ടുമാരെയും സ്ഥലം മാറ്റി തിരഞ്ഞെടുപ്പ് കമ്മീഷൻ.

   Election Commission has issued transfer orders for non-cadre officers who are posted as District Magistrate and Superintendent of Police in four states

4. വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഇന്ന് ലോക വനദിനം.

To create awareness about forest protection, International Forest day is being celebrated today.

5. ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് പതിനേഴാം പതിപ്പിന് നാളെ തുടക്കം. ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

17th Season of IPL-T20 Cricket will begin tomorrow. Chennai Super Kings will taken on Royal Challengers Banglore in the initial match.

$$$$$$$$$$$$$$$$$$$

## HEADLINE-1

## LOKSABHA ELECTION

ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ആരംഭിച്ചു. ഏപ്രിൽ 19 ന് ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ 102 ലോക്സഭാ മണ്ഡലങ്ങളിലേയ്ക്കുള്ള പത്രികകളാണ് സ്വീകരിച്ചു തുടങ്ങിയത്. ബീഹാറിൽ മാർച്ച് 28 നും മറ്റിടങ്ങളിൽ 27 നുമാണ് പത്രിക സമർപ്പണത്തിനുള്ള അവസാന തീയതി. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും. 60 അംഗ അരുണാചൽ പ്രദേശ് നിയമസഭയിലേക്കും 32 അംഗ സിക്കിം നിയമസഭയിലേക്കുമുള്ള നാമനിർദ്ദേശ പത്രികകളും

സ്വീകരിച്ചു തുടങ്ങി. രണ്ട് സംസ്ഥാനങ്ങളിലും ഏപ്രിൽ 19 നാണ് വോട്ടെടുപ്പ്.

$$$$$$$$$$$$$$$$$$$$

## HEADLINE-2
## Kerala Lok Sabha

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം കേരളത്തിൽ ഊർജ്ജിതമായി തുടരുന്നു. മണ്ഡല പര്യടനത്തിന്റെ തിരക്കിലാണ് സ്ഥാനാർത്ഥികൾ. സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 28 ന് പുറപ്പെടുവിക്കും. ഏപ്രിൽ 4 ആണ് പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. മാർച്ച് 18 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 2 കോടി 72 ലക്ഷത്തി 80,160 വോട്ടർമാരാണുള്ളത്. വോട്ടർ പട്ടികയിൽ ഇത് വരെ പേരു ചേർക്കാത്തവർക്ക് മാർച്ച് 25 വരെ ഇതിന് അവസരമുണ്ട്. വോട്ടെടുപ്പിനായി 25,358 ബൂത്തുകൾ സംസ്ഥാനത്ത് സജ്ജീകരിക്കും. എല്ലാ ബൂത്തുകളിലും കുടിവെള്ളം, ശൗചാലയം, റാമ്പ്, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരിക്കും. 85 വയസ്സിന് മുകളിൽ പ്രായമുള്ള വോട്ടർമാർക്കും 40 ശതമാനം ഭിന്നശേഷിയുള്ളവർക്കും വീടുകളിൽ വോട്ട് ചെയ്യാൻ അവസരമുണ്ട്.

$$$$$$$$$$$$$$$$$$$$

## HEADLINE-3

## EC- DM & SP TRANSFER

ഗുജറാത്ത്, പഞ്ചാബ്, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ നാല് സംസ്ഥാനങ്ങളിൽ ജില്ലാ മജിസ്ട്രേറ്റും പോലീസ് സൂപ്രണ്ടും ആയി നിയമിതരായ നോൺ-കേഡർ ഓഫീസർമാർക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചു. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വിളിച്ചു ചേർത്ത യോഗത്തിലാണ് തീരുമാനം. കൂടാതെ, തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രീയ പ്രതിനിധികളുമായുള്ള ബന്ധം കണക്കിലെടുത്ത് പഞ്ചാബിലെ ബതിന്ദ എസ് എസ് പിയേയും, അസമിലെ സോനിത്പൂർ എസ് പിയേയും സ്ഥലം മാറ്റാനും കമ്മീഷൻ നിർദ്ദേശിച്ചു .

$$$$$$$$$$$$$$$$$$$

## ELECTION COMMISSION

റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ വസ്തുവകകളിൽ പതിപ്പിച്ചിട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ അനധികൃത പരസ്യങ്ങൾ ഉടൻ നീക്കം ചെയ്യണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ. രാജ്യത്ത് വിവിധ ഇടങ്ങളിൽ ഇത്തരത്തിൽ പരസ്യങ്ങൾ കാണുന്നു എന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഉത്തരവ് നൽകിയത്.

$$$$$$$$$$$$$$$$$$$

## SC - ACCESSIBILITY HELP DESK

സുപ്രീംകോടതി വളപ്പിലെ പ്രവേശന ഹെൽപ്പ് ഡെസ്ക് സംവിധാനം ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഢ് ഉദ്ഘാടനം ചെയ്തു. ജസ്റ്റിസ് രവീന്ദ്ര ഭട്ട് അധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ തുടർച്ചയായാണ് ഹെൽപ്പ് ഡെസ്ക് തുറക്കുന്നതെന്ന് ചീഫ് ജസ്റ്റിസ് മാധ്യമങ്ങളോട് പറഞ്ഞു. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, ഗർഭിണികൾ, തുടങ്ങി പ്രത്യേക സഹായം ആവശ്യമുള്ള എല്ലാ ആളുകൾക്കും സഹായം നൽകുന്നതിനാണ് ഹെൽപ്പ് ഡസ്ക് ആരംഭിച്ചത്.

$$$$$$$$$$$$$$$$$$$

## SC

കൂടുതൽ വായ്പ എടുക്കാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ചെലവു നിയന്ത്രിക്കണമെന്ന കർശന വ്യവസ്ഥകളോടെ 5,000 കോടി കടമെടുക്കാൻ അനുമതി നൽകാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചെങ്കിലും നിർദ്ദേശം സംസ്ഥാനം സ്വീകരിച്ചില്ല. ചർച്ച പൂർണ വിജയമാകാത്ത സാഹചര്യത്തിലാണ് ഹർജി ഇന്ന് പരിഗണിക്കാമെന്ന് സുപ്രീംകോടതി അറിയിച്ചത്.

$$$$$$$$$$$$$$$$$$$

## Reserve Bank

സർക്കാർ പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എല്ലാ ബാങ്കുകൾക്കും മാർച്ച് 31-ഞായറാഴ്ച പ്രവൃത്തി ദിവസമായിരിക്കുമെന്ന് റിസർവ് ബാങ്ക്. ഇത് സംബന്ധിച്ച സർക്കാർ അഭ്യർത്ഥന പരിഗണിച്ചാണ് ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയത്.

$$$$$$$$$$$$$$$$$$$

## NEET, PG EXAM

ജൂലൈ ഏഴിന് നടത്താൻ നിശ്ചയിച്ചിരുന്ന നീറ്റ് പി.ജി പരീക്ഷ നേരത്തെയാക്കി ജൂൺ 23 ലേക്ക് മാറ്റി. എന്നാൽ നീറ്റ് പിജി യോഗ്യതക്കാവശ്യമായ ഇന്റേൺഷിപ്പിന്റെ കട്ട് ഓഫ് തീയതി ഓഗസ്റ്റ് 15 തന്നെയായിരിക്കുമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ അറിയിച്ചു. ഫലം ജൂലൈ 15 ന് പ്രഖ്യാപിക്കും. സെപ്റ്റംപബർ 16 ന് ക്ലാസുകൾ ആരംഭിക്കും.

പൊതു തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മെയ് 24 ന് നിശ്ചയിച്ചിരുന്ന ശ്രേഷ്ഠ- നെറ്റ്സ് 2024 പരീക്ഷ മെയ് 11 ന് നടത്തുമെന്നും നാഷണൽ ടെസ്റ്റിങ് ഏജൻസി അറിയിച്ചു.

$$$$$$$$$$$$$$$$$$$

## INDIA-UN REFORM

രക്ഷാസമിതിയിലെ പരിഷ്കാരങ്ങളെ എതിർത്തതിന് ഐക്യരാഷ്ട്രസഭയുടെ യുണൈറ്റിംഗ് ഫോർ

കൺസെൻസസ് മോഡലിനെ ഇന്ത്യ വിമർശിച്ചു. ആഫ്രിക്കൻ, ഗ്ലോബൽ സൗത്ത് പ്രാതിനിധ്യത്തിന്റെ അഭാവവും, സ്ഥിരഅംഗത്വ രീതിയിൽ മാറ്റമില്ലാത്തതും ചൂണ്ടിക്കാട്ടിയാണ് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി രുചിര കംബോജ് വിമർശനം ഉന്നയിച്ചത്. രക്ഷാസമിതിയുടെ ഘടനയിൽ മാറ്റം വേണമെന്ന ഭൂരിപക്ഷം രാജ്യങ്ങളുടെയും അഭിപ്രായത്തിന് എതിരാണ് യുഎഫ്സി മോഡലെന്നും അവർ ചൂണ്ടിക്കാട്ടി.

$$$$$$$$$$$$$$$$$$$

## HEADLINE-4

## FOREST DAY (INTRO)

ഇന്ന് ലോക വനദിനം. വനസംരക്ഷണത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് എല്ലാ വർഷവും മാർച്ച് 21 ലോക വനദിനമായി ആഘോഷിക്കുന്നത്. പൂർണമായും നഷ്ടപ്പെട്ടതോ നശിപ്പിക്കപ്പെട്ടതോ ആയ വന ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപനമാണ് അന്താരാഷ്ട്ര വനദിനം നൽകുന്ന സന്ദേശം. സംസ്ഥാനത്ത് കനത്തചൂടിൽ വനത്തിനുള്ളിലെ നീർച്ചാലുകൾ വറ്റിവരണ്ടത് മൃഗങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയാണ്.

*ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്......*

*(വോയിസ്)*

$$$$$$$$$$$$$$$$$$$

## AK SASEENDRAN

വനസംരക്ഷണത്തിനും വനവൽക്കരണത്തിനും വൃക്ഷവത്ക്കരണത്തിനുമായി പുത്തൻ ആശയങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന വനം വകുപ്പിനായിട്ടുണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി നയരേഖ നടപ്പിലാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം എന്നതിൽ അഭിമാനമുണ്ടെന്നും അന്താരാഷ്ട്ര വന ദിനത്തോടനുബന്ധിച്ച് മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും വലിയ ദുരന്തങ്ങൾ ലോകത്തിന് സമ്മാനിക്കുന്നതായും ഇത്തരം ദുരന്തങ്ങളുടെ വ്യാപ്തി കുറയ്ക്കാനും നമ്മുടെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചു നിർത്താനും വനങ്ങളുടെ പങ്ക് വളരെ വലുതാണെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$

## DIRECT TAX

രാജ്യത്ത് നടപ്പു സാമ്പത്തിക വർഷം മാർച്ച് 17 വരെയുള്ള കാലയളവിൽ പ്രത്യക്ഷ നികുതി വരുമാനം 18.90 ലക്ഷം കോടി രൂപയിലെത്തി. വ്യക്തിഗത ആദായനികുതിയും കോർപ്പറേറ്റ് നികുതിയും ചേർന്ന തുകയാണിത്. മുൻവർഷത്തെ അപേക്ഷിച്ച് 19.88 ശതമാനമാണ് വരുമാനവളർച്ചയെന്ന് കേന്ദ്ര പ്രത്യക്ഷ

നികുതി ബോർഡ് അറിയിച്ചു. കോർപ്പറേറ്റ് നികുതി 9.14 ലക്ഷം കോടി രൂപയും വ്യക്തിഗത ആദായനികുതി 9.72 ലക്ഷം കോടി രൂപയുമാണ്. ഈ കാലയളവിൽ 3.36 ലക്ഷം കോടി രൂപ റീഫണ്ടായി നൽകി.

$$$$$$$$$$$$$$$$$$$

## HEADLINE-5

## IPL

ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മത്സരങ്ങൾ നാളെ ആരംഭിക്കും. ചെന്നൈയിലെ ഉദ്ഘാടന മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചാലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

$$$$$$$$$$$$$$$$$$$

## Swiss Open badminton 2024

സ്വിസ് ഓപ്പൺ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിരൺ ജോർജും പ്രിയാൻഷു രജാവത്തും പ്രീ ക്വാർട്ടറിൽ കടന്നു. ഹോങ്കോങ് താരം ലീ ച്യൂക്ക് യിയുവിനെ 21 -12 ,21 -15 എന്ന സെറ്റുകൾക്കാണ് പ്രിയാൻഷു പരാജയപ്പെടുത്തിയത് . ജപ്പാൻറെ തകുമ ഒബയാഷിയെ നേരിട്ടുള്ള സെറ്റുകൾക്കാണ് മലയാളി താരം കിരൺ ജോർജ് പരാജയപ്പെടുത്തിയത്. മിക്സഡ് ഡബിൾസിൽ സതീഷ് കുമാർ കരുണാകരൻ- ആദ്യ വരിയത്ത് സഖ്യം മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തി പ്രീ ക്വാർട്ടറിൽ ഇടം നേടി. വനിതാ

ഡബിൾസിലും ട്രീസ ജോളി, ഗായത്രി ഗോപീചന്ദ്, അശ്വിനി പൊന്നപ്പ ഉൾപ്പെടെയുള്ള ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരത്തിനിറങ്ങും

$$$$$$$$$$$$$$$$$$$

## FIFA

ഫിഫ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് അഫ്ഗാനിസ്ഥാനെ നേരിടും. സൗദിയിലെ അബഹയിൽ ഇന്ത്യൻ സമയം അർധരാത്രി പന്ത്രണ്ടരക്കാണ് മത്സരം.

$$$$$$$$$$$$$$$$$$$

## PALA – PLUS TWO STUDENT

പാലാ കടപ്പാട്ടൂരിൽ ജിമ്മിലെ വ്യായാമത്തിനിടെ പ്ലസ് ടു വിദ്യാർത്ഥിനി കുഴഞ്ഞുവീണു മരിച്ചു. കടപ്പാട്ടൂർ തൊമ്മനാമറ്റത്തിൽ, 17 വയസ്സുള്ള ഗൗരി കൃഷ്ണയാണ് മരിച്ചത്. സംഭവം പോലീസ് അന്വേഷിക്കും.

$$$$$$$$$$$$$$$$$$$

## HEAT WAVE

സംസ്ഥാനത്ത് കടുത്ത ചൂട് അനുഭവപ്പെടുന്നതിനാൽ പത്ത് ജില്ലകളിൽ പ്രഖ്യാപിച്ച മഞ്ഞ ജാഗ്രത തുടരുന്നു. പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39°C വരെയും, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഉയർന്ന 38°C

വരെയും അനുഭവപ്പെടും. കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രിയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ 36 ഡിഗ്രിയുമാണ് താപനില.

$$$$$$$$$$$$$$$$$$$

**GLOBAL E-WASTE**

ലോകത്ത് ഇലക്ട്രോണിക്സ് മാലിന്യങ്ങൾ കുമിഞ്ഞു കൂടുകയാണെന്നും പുനഃചംക്രമണ നിരക്ക് ഇനിയും കുറയാൻ സാധ്യതയുണ്ടെന്നും ഐക്യരാഷ്ട്ര ഏജൻസികൾ മുന്നറിയിപ്പ് നൽകി. 2022-ൽ ഏകദേശം 62 ദശലക്ഷം ടൺ ഇ-മാലിന്യം ഉത്പാദിപ്പിക്കപ്പെട്ടുവെന്നും, 2030 ഓടെ ഇത് 82 ദശലക്ഷം ടണ്ണിലെത്തുമെന്നും യുഎൻ ഏജൻസിയായ യൂണിറ്റാർ പുറത്തിറക്കിയ റിപ്പോർട്ടിൽ പറഞ്ഞു .

$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$